# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 157

3/10/2011 ൽ മറുപടിക്ക്

**പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തൽ**

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ
,, ജി. എസ്. ജയലാൽ
,, പി. തിലോത്തമൻ
,, ഇ. കെ. വിജയൻ

**ഉത്തരം**

ശ്രീ. ടി.എം.ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും
രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എ) 01/09/2011 മുതൽ ബി.പി.എൽ വിഭാഗത്തിന് പ്രതിമാസം കാർഡൊന്നിന് 25 കിലോഗ്രാം വീതവും എ.എ.വൈ വിഭാഗത്തിന് 35 കിലോഗ്രാം വീതവും അരി ഒരു രൂപ നിരക്കിൽ റേഷൻ കടകൾ വഴി നൽകി വരുന്നു. കൂടാതെ, ചില നിബന്ധനകൾക്ക് വിധേയമായി എ.പി.എൽ വിഭാഗത്തിലെ കാർഡുടമകൾക്കും കിലോഗ്രാമിന് 2/- രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്നു. മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള വിൽപന ശാലകളുടെ പ്രവർത്തനം ആധുനിക വത്കരിച്ച്, സപ്ലൈകോയെ പൊതുവിതരണ രംഗത്തെ രണ്ടാം ശ്രേണിയായി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുകമ്പോളങ്ങളിലെ നിലവാരം നിയന്ത്രണ വിധേയമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുകമ്പോളങ്ങളിലെ വില നിലവാരം നിയന്ത്രണ വിധേയമാക്കുന്നതിന് 22/05/2009 മുതൽ മുഴുവൻ ബി.പി.എൽ എ.എ.വൈ കാർഡുടമകൾക്കും എ.പി.എൽ വിഭാഗത്തിലെ തിരഞ്ഞെടുത്ത കാർഡുടമകൾക്കും 2/- രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ (അരിയും ഗോതമ്പും) വിതരണം ചെയ്യുന്ന പദ്ധതി തുടങ്ങി. ചില നിബന്ധകൾക്ക് വിധേയമായി 25/02/2011 മുതൽ മുഴുവൻ എ.പി.എൽ കുടുംബങ്ങൾക്കും കിലോക്ക് 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നുണ്ട്. 01/09/2011

- 2 -

മുതൽ ബി.പി.എൽ വിഭാഗത്തിന് പ്രതിമാസം കാർഡൊന്നിന് 25 കിലോഗ്രാം വീതവും എ.എ.വൈ വിഭാഗത്തിന് 35 കിലോഗ്രാം വീതവും ഒരു രൂപ നിരക്കിൽ അരി നൽകി വരുന്നു. പൊതുകമ്പോളങ്ങളിലെ ഭക്ഷ്യവസ്തുക്കളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില നിലവാരം പിടിച്ച് നിർത്തുന്നതിന് സ്പ്ലൈകോയുടെ മാർക്കറ്റ് ഇന്റർവെൻഷൻ സ്കീം വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഓണക്കാലത്ത് സപ്ലൈകോയുടെ നേതൃത്വത്തിൽ, നിലവിലുള്ള സ്ഥിരം വിതരണ ശൃംഖലകൾക്കു പുറമെ സംസ്ഥാനത്തെ എല്ലാ അസംബ്ലി മണ്ഡലങ്ങൾ കേന്ദ്രീകരിച്ചും ഓണച്ചന്തകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തി ഉത്സവകാലത്തുണ്ടാകുമായിരുന്ന ക്രമാതീതമായ വിലക്കയറ്റം തടഞ്ഞുനിർത്തി.

മാർക്കറ്റ് ഇന്റർവെൻഷൻ സ്കീമിനായി 50 കോടി രൂപയാണ് നീക്കിവച്ചിരിയ്ക്കുന്നത്

(സി) എ.പി.എൽ. വിഭാഗങ്ങൾക്ക് നൽകിയിരുന്ന മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓപ്പൺ മാർക്കറ്റിൽ നിന്ന് മണ്ണെണ്ണ സംഭരിച്ച് അർഹമായ വിഹിതം നൽകുമോ?

(സി) ഇല്ല. ബാധകമല്ല.

സെക്ഷൻ ഓഫീസർ.